പതിമൂന്നാം കേരള നിയമ സഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 636 | 8.3.2012 ൽ മറുപടിക്ക്

**ജീവൻരക്ഷാമരുന്നുകളുടെ വിലവർദ്ധനവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് അവശ്യം വേണ്ട ജീവൻ രക്ഷാ മരുന്നുകളുടെ പട്ടിക പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ)ജീവൻരക്ഷാ മരുന്നുകൾ അടക്കമുള്ള 620 ഇനം അവശ്യമരുന്നുകളുടെ പട്ടിക മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) ജീവൻ രക്ഷാ മരുന്നുകൾക്ക് ക്രമാതീതമായി വില വർദ്ധിപ്പിച്ച് മരുന്ന് കമ്പനികൾ കൊള്ളലാഭം കൊയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) ഉണ്ടെങ്കിൽ ഇത് നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി)& (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവൻരക്ഷാ മരുന്നുകൾ അടക്കമുള്ള 620 ഇനം അവശ്യമരുന്നുകൾ (essential drugs)വിവിധ സർക്കാർ ആശുപത്രികളിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ മുഖേന സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.നീതി മെഡിക്കൽ സ്റ്റോറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ, സർക്കാർ ആശുപത്രികളിൽ പേയിങ് കൗണ്ടറുകൾ എന്നിവ മരുന്നുകളുടെ ലേബലിൽ പ്രിന്റ് ചെയ്തിട്ടുള്ള Maximum Retail Price – ൽ നിന്ന് നിശ്ചിത ശതമാനം കുറച്ച് വളരെ ഉച്ചമായ ലാഭത്തിൽ ആണ് മരുന്ന് വില്പന നടത്തുന്നത്. |
| (ഡി) കാൻസർ ചികിത്സയ്ക്കായുള്ള 'പിൻക്രിസിൻ' 'സിസ്പ്ളാറ്റിൻ' മരുന്നുകൾക്ക് ഇന്ന് സംസ്ഥാനത്തുള്ള വില എത്രയാണെന്ന് വെളിപ്പെടുത്താമോ; | (ഡി) വിപണിയിൽ പിൻക്രിസിൻ 1mg/1ml injection ന് ഏകദേശം 60 രൂപയും സിസ്പ്ളാറ്റിൻ 10 mg ക്ക് 350-380 രൂപ ആണ്. ഇവയുടെ MRP ഏകദേശം 50 രൂപ, 200 രൂപയാണ്. |
| (ഇ) കാൻസർ ചികിത്സയ്ക്കായി അവശ്യം വേണ്ട മരുന്നുകളുടെ വില നിലവിലെന്താണെന്നും ഇത് കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികളെന്താണെന്നും വെളിപ്പെടുത്തുമോ? | (ഇ) കാൻസർ ചികിത്സയ്ക്കായി അവശ്യം വേണ്ട മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി RCC യിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നീതി മെഡിക്കൽ സ്റ്റോറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ, സർക്കാർ ആശുപത്രികളിൽ പേയിങ് കൗണ്ടറുകൾ എന്നിവ മുഖേന കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ